# THE SOCIETY OF VINCENT DE PAUL

**Our Lady of Good Death, Valiathope**

**St. Ann's Church**, Thope,

Thiruvananthapuram



മദ്ധ്യസ്ഥൻ

സെന്റ് വിൻസെന്റ് ഡി പോൾ



സ്ഥാപകൻ

വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനം

## 2018 നവംബർ മുതൽ
## 2019 ഡിസംബർ വരെയുള്ള
## ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട്

# PROGRAMM SCHEDULE

| | | |
|---|---|---|
| 1 | PRAYER SONG | |
| 2 | PRAYER | BR. SEBASTIN CLEMENT |
| 3 | BIBLE READING | BR. TOM JOSE |
| 4 | WELCOME SPEECH | VICE PRESIDENT |
| 5. | ADDRESS | REV. DR. HICINTH NAYAKAM (PARISH PRIEST, THOPE) |
| 6. | WELCOME GUESTS TO THE DIAS | |
| 7 | ANNUAL REPORT | SECRETARY |
| 8. | FINANCE REPORT | TREASURER |
| 9. | HANDING OVER ANNUAL REPORT & FINANCIAL REPORT To - AC & CC | PRESIDENT |
| 10. | FELICITATION | CC PRESIDENT |
| 11 | DISCUSSION | 30 MTS |
| 12. | VOTE FOR THANKS | PRESIDENT |
| 13. | PRAYER | BR. SEBASTIAN |

# റിപ്പോർട്ട് 2018-2019

പ്രിയ വിൻസെഷ്യൻ സഹോദരരേ,

**ദത്ത് കുടുംബ സഹായങ്ങൾ**

കഴിഞ്ഞ വർഷം 2018 ൽ രണ്ട് ദത്തുകുടുംബമാണ് ഉണ്ടായിരുന്നത്. ഈ വർഷം മുതൽ വലിയതോപ്പ് ഇടവകയിൽ നിന്നും അയൽ ഇടവകകളിൽ നിന്നും ധനസഹായം ആവശ്യമുള്ളവരുടെ 25 ഓളം അപേക്ഷ സഹായത്തിനായി ലഭിച്ചിരുന്നു. അതിൽ നിന്നും ഏറ്റവും കൂടുതൽ ദാരിദ്ര്യം മൂലം കഷ്ടത അനുഭവിക്കുന്ന ഒൻപത് കുടുംബങ്ങളെ കണ്ടെത്തുകയും അവർക്ക് മാസംതോറും കഴിയുന്നവിധത്തിൽ ധനസഹായം നൽകുവാനും സാധിക്കുകയുണ്ടായി. വിദ്യാഭ്യാസ സഹായത്തിനായി +1-ൽ പഠിക്കുന്ന ഒരു കുട്ടിക്ക് 1000 രൂപയും, നഴ്സിംങ് പഠിക്കുന്ന ഒരു കുട്ടിയ്ക്ക് 1500 രൂപയും മറ്റൊരു വിദ്യാർത്ഥിക്ക് 1000 രൂപയും Autism ബാധിച്ച ഒരു കുട്ടിയുടെ സ്കൂളിന്റെ യാത്രാ ചെലവിനായി 1500/- രൂപയും മാസംതോറും നൽകിവരുന്നു. അതുപോലെ ദാരിദ്ര്യംമൂലം കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുന്ന നാല് കുടുംബങ്ങൾക്ക് മാസംതോറും വീട്ടാവശ്യത്തിനായുള്ള ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ 7000/- രൂപ നൽകിവരുന്നു. ഒരു രോഗിയ്ക്ക് മരുന്നുകൾ വാങ്ങുവാനായി മാസംതോറും 500/- രൂപ നൽകുന്നു. അതുപോലെ പ്രതിമാസം 12,500 ദത്തുകുടുംബങ്ങൾക്കായി നൽകിവരുന്നു. ഇതിനുപുറമെ മൂന്ന് കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനായി വർഷംതോറും സഹായം നൽകികൊണ്ടിരിക്കുന്നു. നാലാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയ്ക്ക് 1000 രൂപയും മറ്റ് രണ്ട് കുടുംബങ്ങൾക്ക് 3000/- രൂപയും 5000/- രൂപയും വീതം നൽകിവരുന്നു.

**മാസപ്രവർത്തനങ്ങൾ**

കഴിഞ്ഞ രണ്ട് വർഷമായി മാസംതോറും ഓരോ സ്ഥാപനം സന്ദർശിച്ച് അവർക്ക്വേണ്ട സഹായങ്ങൾ നൽകികൊണ്ടിരിക്കുന്നു. മൂന്ന് സ്ഥാപനങ്ങളാണ് conference സന്ദർശിച്ചുവരുന്നത്. (1) ഓശാനം കാരുണ്യഭവനം (2) സാധന ആശ്രമം (3) ജീവൻ പ്രകാശ് ചൈൽഡ് സെന്റർ.



**ഓശാനം കാരുണ്യഭവനം, വിഴിഞ്ഞം**

30-ഓളം അന്തേവാസികളാണ് അവിടെയുള്ളത്. ഈ വർഷം രണ്ട് തവണ സന്ദർശിക്കുകയുണ്ടായി. അവരുടെ ആവശ്യാനുസരണം stove- ഉം, Geyser ഉം വാങ്ങിനൽകുകയുണ്ടായി. അവിടത്തെ ഭവനനിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ടൈൽസ് വാങ്ങുവാനായി ധനസഹായം നൽകുകയും ചെയ്തു. ഓരോ പ്രാവശ്യവും സന്ദർശിക്കുമ്പോൾ പ്രാർത്ഥനയിൽ പങ്കെടുക്കുകയും അന്തേവാസികൾക്ക് അത്താഴം ഒരുക്കുകയും ചെയ്തിരുന്നു.

**സാധന ആശ്രമം, മൺവിള**

80 ഓളം അന്തേവാസികളാണ് അവിടെയുള്ളത്. ഈ വർഷം രണ്ടുതവണ ഇവിടം സന്ദർശിക്കുകയുണ്ടായി. അവരുടെ ആവശ്യപ്രകാരം stetcher, Tiffin carrier, പാത്രങ്ങൾ എന്നിവ വാങ്ങി നൽകുകയുണ്ടായി.

**ജീവൻപ്രകാശ് ചൈൽഡ് സെന്റർ, മുറിഞ്ഞപാലം**

100 ഓളം ബുദ്ധിമാന്ദ്യമുള്ള കുട്ടികളാണ് അവിടെയുള്ളത്. അവർക്ക് ആവശ്യമായ യൂണിഫോമിനുള്ള തുണിവാങ്ങി നൽകുകയുണ്ടായി.

## Conference സംബന്ധമായ വിഷയങ്ങൾ

പുതിയ വികാരി റവ. ഡോ. ഹയസിന്ദ് എം. നായകം വലിയതോപ്പ് ഇടവകയിൽ ചുമതലയേൽക്കുകയുണ്ടായി. Conference ന്റെ രക്ഷാധികാരിസ്ഥാനം ഏൽക്കുകയും, എല്ലാ യോഗത്തിലും പങ്കെടുക്കുകയും, അംഗങ്ങൾക്ക് പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തിവരുന്നു.

- Conference ന്റെ ട്രഷറർ ആയിരുന്ന Bro. Joseph Alosious സ്ഥാനം ഒഴിഞ്ഞതുകാരണം പുതിയ ട്രഷറർ ആയി Br. Cajetan Miranda സ്ഥാനം ഏൽക്കുകയും ചെയ്തു.
- Conference ന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികം ഉണ്ടാക്കുന്നതിനുവേണ്ടി എല്ലാ അംഗങ്ങളിൽ നിന്നും മാസംതോറും ഒരു തുക ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഏപ്രിൽ

മാസം മുതൽ എല്ലാ അംഗങ്ങളും മാസവരി നൽകുവാനും തീരുമാനിക്കുകയുണ്ടായി.

❖ Bro. Samson Rozario യ്ക്ക് conference ൽ അംഗത്വം നൽകുകയുണ്ടായി.

❖ Vincent De Paul Society യുടെ നിർദ്ദേശപ്രകാരമുള്ള മൂന്ന് ദിവ്യബലികൾ നടത്തുകയുണ്ടായി. സെപ്തംബർ 9 ന് ഫെഡറിക് ഓസാനം ദിനമായും, സെപ്തംബർ 27 ന് വിൻസന്റ് ഡി പോൾ ദിനമായും, ഡിസംബർ 8 ന് അമലോത്ഭവ മാതാവിന്റെ തിരുനാളായും ആഘോഷിക്കുകയുണ്ടായി. എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം ദിവ്യബലിയ്ക്ക് സജീവമായി ഉണ്ടായിരുന്നു.

❖ സെൻട്രൽ കമ്മിറ്റി അംഗങ്ങൾ 19-05-2019 ന് conference സന്ദർശിച്ചു. Ledger ൽ ചില മാറ്റങ്ങൾ വരുത്തുവാൻ അവർ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം മാറ്റങ്ങൾ വരുത്തുകയും, കമ്മിറ്റി അംഗങ്ങൾ conference പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

❖ സെൻട്രൽ കമ്മിറ്റി വിഴിഞ്ഞത്ത്വച്ച് നടത്തിയ സെമിനാറിൽ conference അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. conference ന്റെ റിപ്പോർട്ട് എങ്ങനെ തയ്യാറാക്കണം എന്നതിനെക്കുറിച്ചുള്ള ഒരു സെമിനാറായിരുന്നു. അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് conference ന്റെ റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

❖ സെൻട്രൽ കമ്മിറ്റിയുടെ വാർഷികാഘോഷം വലിയതുറയിൽവച്ച് നടക്കുകയുണ്ടായി. തോപ്പ് conference ൽ നിന്നും അഞ്ച് അംഗങ്ങൾ പങ്കെടുത്തിരുന്നു.

❖ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി conference ന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു Brochure തയ്യാറാക്കുകയുണ്ടായി.

## മറ്റ് പ്രവർത്തനങ്ങൾ

❖ Conference ന്റെ അഭ്യർത്ഥനമൂലം Titanium Welfare Society കാൻസർ രോഗികളായവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഈ വർഷം...............രോഗികൾക്ക് 10,000/ രൂപ വീതം



വാങ്ങി നൽകുവാൻ കഴിഞ്ഞു. ഇടവകയിൽ നിന്നും സമീപപ്രദേശത്തുനിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും വളരെ കഷ്ടത അനുഭവിക്കുന്ന രോഗികൾക്കാണ് സഹായം വാങ്ങി നൽകിയത്. ജൂലി, ജോണി, ആന്റണി പിള്ള എന്നീ രോഗികൾ.

❖ ഇടവകയിലെ Catechism വിദ്യാർത്ഥികൾക്കായി ഒരു മെഡിക്കൽ ക്യാമ്പ് നടത്തുവാൻ സാധിച്ചു. 150 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടയി. IMA ൽ നിന്നും അംഗങ്ങളും പരിചയത്തിൽ നിന്നും 15 ഓളം ഡോക്ടർമാരുടെ സഹായം ക്യാമ്പ് നടത്തുവാൻ ലഭിച്ചിരുന്നു. General Check-up ഉം, Eye Checkup ഉം നടത്തി റെക്കോർഡ് ശേഖരിച്ചുവയ്ക്കുകയുണ്ടായി.

❖ കടൽക്ഷോഭം മൂലം Valiathura Bud School ൽ താമസിച്ചുവരുന്ന സഹോദരങ്ങൾക്ക് ഒരു European Closet ഉം, Water Pump ഉം, അതിനോട് ആവശ്യമായ കാര്യങ്ങൾ സജ്ജീകരിക്കുകയുണ്ടായി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്ന സഹോദരങ്ങൾക്ക് ഒരുനേരത്തെ ഭക്ഷണം നൽകുകയും ചെയ്തു.

❖ അദ്ധ്യായന വർഷാരംഭത്തിൽ ഇടവകയിൽ ശേഖരിച്ചുവച്ചിരുന്ന നോട്ടുബുക്കുകൾ ആര്യനാട് കോളനിയിലുള്ള കുട്ടികൾക്ക് എത്തിച്ചുനൽകുകയും ചെയ്തു.

❖ നോമ്പുകാല പ്രവർത്തനത്തിന്റെ ഭാഗമായി Sister Hospitalers Benedict Meninin Psycho Social Rehabilitation Centre, Menamkulam എന്ന സ്ഥാപനത്തിൽ 10,000/- ന് provisions വാങ്ങി നൽകുകയും അവിടുത്തെ അന്തേവാസികളെ സന്ദർശിക്കുകയും അന്നത്തെ അത്താഴം നൽകുകയും ചെയ്തു.

❖ ഒരുവശം തളർന്നുപോയ തൃശൂരുകാരനായ അരുൺ എന്ന വ്യക്തി ആരും സഹായത്തിനില്ലാതിരുന്നതിനാൽ മാനസികമായി തകർന്നുകൊണ്ടിരിക്കുകയായിരുന്ന അവസരത്തിൽ അംഗങ്ങളുടെ ഇടപെടൽ കാരണം അദ്ദേഹത്തിന് ഒരു ലോഡ്ജിൽ ജോലിയും താമസസൗകര്യവും വാങ്ങി നൽകുവാൻ കഴിഞ്ഞു.

- ❖ ഇടവകയിൽ കിഡ്നി സംബന്ധമായ രോഗംമൂലം വേദന അനുഭവിക്കുന്ന ഒരു കുട്ടിയ്ക്ക് 10000/- രൂപ സ്വരൂപിക്കുകയുണ്ടായി. ആ കുട്ടി രോഗംമൂലം മരിച്ചുപോയതിനാൽ കുട്ടിയുടെ മരണാനന്തര ആവശ്യങ്ങൾക്കായി ആ തുക ഉപയോഗിക്കുകയുണ്ടായി.
- ❖ Ozanam കാരുണ്യഭവനിൽ Handrail പണിയുവാനായി ഒരു സ്പോൺസറെ കണ്ടെത്തി. 35,000/- രൂപ Handrail പണിയുവാൻ Ozanam കാരുണ്യഭവനത്തിന് നൽകുകയും ചെയ്തു.
- ❖ ഡിസംബർ മാസത്തെ പ്രവർത്തനത്തിന്റെ ഭാഗമായി ദാരിദ്ര്യം അനുഭവിക്കുന്ന രണ്ടു കുടുംബങ്ങളെ വീതം കുടുംബയൂണിറ്റ് മുഖാന്തരം തിരഞ്ഞെടുത്ത് ക്രിസ്തുമസ് ഗിഫ്റ്റ് നൽകുവാൻ ആലോചിച്ചുവരുന്നു. ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ എടുത്തുനൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

### ഗുണകാംക്ഷികൾ

Conference ന് സഹായം നൽകിവരുന്ന ഇടവകയിലെയും പുറത്തുള്ള ബഹുമാന്യരായ സുഹൃത്തുക്കളെയും conference അംഗങ്ങൾ നന്ദിയോടെ ഓർക്കുന്നു.

### പ്രവർത്തനങ്ങളിൽ സഹകരിച്ച സുഹൃത്തുക്കൾ

1. Sister Gregory
2. Mr. James John
3. Mrs. Antony
4. Mrs. Sibil George
5. Mrs. Miriam Sangeetha
6. Mr. Clare Desmond
7. Mrs. Sonia Maneek
8. Mr. Ryan Joe Maneek
9. Mrs. Grace Pereira
10. Mrs. Geena Pereira
11. Mrs. Lucy Netto
12. Teacher 1, 2, 3
13. Mr. Krishnakumar
14. Mr. Sumith Jose



| | വരവ് | രൂപ | പൈസ | | ചിലവ് | രൂപ | പൈസ |
|---|---|---|---|---|---|---|---|
| I | കോൺഫെറൻസിൻറെ വരവ് | | | I | സഹായങ്ങൾ | 82597.00 | |
| | പ്രവർത്തകാംഗങ്ങളുടെ രഹസ്യപിരിവ് | 47345.00 | | | ഭക്ഷ്യ സഹായം | 18520.00 | |
| | പ്രവർത്തകാംഗങ്ങളുടെ മാസവരി | 14130.00 | | | ചികിത്സാ സഹായം | 34728.00 | |
| | സഹായാംഗങ്ങളിൽ നിന്നുള്ള മാസവരി | 187470.00 | | | വിദ്യാഭ്യാസ സഹായം | 62838.00 | |
| | ബാങ്ക് പലിശ | | | | വസ്ത്ര സഹായം | 29810.00 | |
| | ദാന പെട്ടികളിൽ നിന്ന് | | | | വിവാഹ സഹായം | | |
| | അംഗത്വ വാർഷിക വരിസംഖ്യ | 5400.00 | | | ഭവന നിർമ്മാണ സഹായം | | |
| | സംഭാവന | | | | മറ്റു സഹായങ്ങൾ | 2329.00 | |
| | മറ്റു വരവുകൾ | 3154.00 | | | | | |
| | | | | | | | |
| | ആകെ | 257499.00 | | | ആകെ | 230822.00 | |
| II | ഉപരി കൗൺസിലുകളിൽ നിന്നുള്ള വരവ് | 2000.00 | | II | കോൺഫറൻസ് ചിലവ് | 8000.00 | |
| | ടീനേജ് ഗ്രാൻറ് (ത്രവണ..........) | | | | അച്ചടി, പോസ്റ്റേജ് | | |
| | ഇൻറേണൽ ട്വിന്നിങ് ഗ്രാൻറ് | | | | യാത്ര ചിലവ് | 500.00 | |
| | സ്പെഷ്യൽ ഗ്രാൻറ് /സഹായം | | | | യോഗങ്ങൾക്കുള്ള ചിലവ് | 375.00 | |
| | റിപ്പോർട്ട് വർഷത്തെ പ്രോജക്ട്ഗ്രാൻറ് | | | | പി.സി. /സി.സി./വിഹിതം | 2335.00 | |
| | ആകെ | 2000.00 | | | ബുള്ളറ്റിൻ വാർഷിക വരിസംഖ്യ | | |
| | ആകെ വരവ്(I+II) | 259499.00 | | | OKB(OSS)വിഹിതം | | |
| | | | | | അംഗങ്ങളുടെ വാർഷികവരിസംഖ്യ | | |
| | | | | | ആകെ | 11210.00 | |
| | | | | | ആകെ ചിലവ്(I+II) | 242032.00 | |
| III | മുൻവർഷത്തെ നീക്കിയിരിപ്പ് | | | III | നീക്കിയിരിപ്പ് | | |
| | (Opening Balance) | | | | (Closing Balance) | | |
| | ബാങ്കിൽ | 17038.00 | | | ബാങ്കിൽ | 27556.00 | |
| | കൈവശം | 4720.00 | | | കൈവശം | 11669.00 | |
| | ആകെ | 21758.00 | | | ആകെ | 39225.00 | |
| | ആകെ (I+II+III) | 281257.00 | | | ആകെ (I+II+III) | 281257.00 | |

സെക്രട്ടറി ഖജാൻജി പ്രസിഡൻറ്